# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2306** — 18.06.2014-ൽ മറുപടിക്ക്

## സ്കൂൾ ഹെൽത്ത് പ്രോഗ്രാം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ :<br>,, തേറമ്പിൽ രാമകൃഷ്ണൻ :<br>,, പി. എ. മാധവൻ :<br>,, പാലോട് രവി : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സ്കൂൾ ഹെൽത്ത് പ്രോഗ്രാം വ്യാപിപ്പിക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. 2012 -മുതൽ 2014 വരെയുള്ള കാലയളവിൽ നവീകരിച്ച സ്കൂൾ ഹെൽത്ത് പ്രോഗ്രാം നിലവിൽ വരികയും, ആയതിന്റെ ഭാഗമായി 2009-ൽ 746 സ്കൂളുകളിൽ നടത്തിയിരുന്ന പദ്ധതി കേരളത്തിലെ എല്ലാ സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകളിലേക്കും വ്യാപിപ്പിച്ചു. പദ്ധതിയുടെ നടത്തിപ്പിനായി 2500 കുട്ടികൾക്ക് 1 സ്കൂൾ ഹെൽത്ത് നഴ്സ് എന്ന അനുപാതത്തിൽ ഇന്ന് 1500 ഓളം സ്കൂൾ ഹെൽത്ത് നഴ്സുമാർ ഈ പദ്ധതിയിൽ സേവനം അനുഷ്ഠിച്ചു വരുന്നു. |
| (ബി) ഏതെല്ലാം തരം സ്കൂളുകളിലേക്കാണ് പ്രസ്തുത പ്രോഗ്രാം വ്യാപിപ്പിക്കുന്നത് ; വിശദാംശ ങ്ങൾ ലഭ്യമാക്കാമോ ; | (ബി) എല്ലാ സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകളിലേക്കും പദ്ധതി വ്യാപിപ്പിച്ചു. |
| (സി) എന്തെല്ലാം പ്രയോജനങ്ങളാണ് പ്രസ്തുത പ്രോഗ്രാം മുഖേന കുട്ടികൾക്ക് ലഭിക്കുന്നത് ; വിശദമാക്കാമോ ; | (സി) 1. സ്കൂളുകളിൽ നിയമിതരായിരിക്കുന്ന സ്കൂൾ ഹെൽത്ത് നഴ്സുമാർ സ്ക്രീനിംഗ് മാതൃകയിൽ എല്ലാ കുട്ടികളുടെയും ആരോഗ്യ പരിശോധന നടത്തുകയും, ഏതെങ്കിലും വിധത്തിലുള്ള അസുഖങ്ങൾ, ആരോഗ്യ പ്രശ്നങ്ങൾ ഉള്ളതായി കണ്ടുപിടിക്കപ്പെടുന്ന കുട്ടികളെ ഉചിതമായ ആരോഗ്യ കേന്ദ്രങ്ങളിലേക്ക് ചികിത്സയ്ക്കായി അയക്കുകയും ചെയ്യുന്നു.<br>2. സ്കൂൾ ഹെൽത്ത് നഴ്സുമാർ കുട്ടികളുടെ വിശദമായ ആരോഗ്യ രേഖ സ്കൂൾ ഹെൽത്ത് റെക്കോഡ് എന്ന പേരിൽ സൂക്ഷിക്കുന്നു. |

(.....2)

3. കുട്ടികളിൽ കണ്ടെത്തുന്ന പ്രത്യേക ശ്രദ്ധ അർഹിക്കുന്ന അസുഖങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും വേണ്ടി ഉചിതമായ ആശുപത്രികളിലേക്ക് അയയ്ക്കുകയും വിദഗ്ധ ഡോക്ടർമാരുടെ പങ്കാളിത്തത്തോടുകൂടി മൾട്ടി സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പുകൾ നടത്തുകയും ചെയ്യുന്നു.

4. സ്കൂൾ ഹെൽത്ത് നഴ്സുമാർ ഡോക്ടർമാരുടേയും ഇതര ആരോഗ്യ പ്രവർത്തകരുടെയും സഹകരണത്തോടെ കുട്ടികൾക്ക് പ്രയോജനകരമായ ആരോഗ്യ ബോധവത്ക്കരണ ക്ലാസ്സുകൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നു.

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ; വിശദമാക്കാമോ ?

(ഡി) ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് എന്നീ രണ്ട് സർക്കാർ വകുപ്പുകളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

സെക്ഷൻ ഓഫീസർ